താലൂക്ക് ലൈബ്രറി സംഗമം

ചേർത്തല: ചേർത്തല താലൂക്ക് ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ താലൂക്ക് ലൈബ്രറി സംഗമം സംഘടിപ്പിച്ചു.ചേർത്തല ഗവ. ഗേൾസ് ഹൈസ്കൂളിൽ നടന്ന സമ്മേളനത്തിൽ ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ രഘു പ്രസാദ് ഉദ്ഘാടനം ചെയ്തു.പ്രസിഡന്റ് ഇ കെ ഗോപി അധ്യക്ഷത വഹിച്ചു.ഇതിനോടനുബന്ധിച്ച് നടത്തിയ ബാലകലോത്സവം - കലാസാഹിത്യമത്സര വിജയികൾക്ക് സമ്മാനദാനങ്ങളും വിതരണം ചെയ്തു.പി എം പ്രമോദ് സംസ്ഥാന കൗൺസിൽ അംഗം കെ ജയലാൽ, വി.ടി. വിജയൻ,എം എൻ ഹരികുമാർ,മിനി രമേശൻ,എം എസ് ശശിധരൻ തുടങ്ങിയവർ സംസാരിച്ചു.

ചേർത്തല താലൂക്ക് ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിയ താലൂക്ക് ലൈബ്രറി സംഗമം ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ രഘു പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു.

വടക്കേക്കരയിൽ കോൺഗ്രസ് പ്രവർത്തകരുടെ ആഹ്ലാദപ്രകടനം

പറവൂർ: വടക്കേക്കരയിൽ കോൺഗ്രസ് പ്രവർത്തകർ യുഡിഎഫ് സർക്കാരിന്റെ സത്യപ്രതിജ്ഞ ചടങ്ങ് പടക്കം പൊട്ടിച്ചും മധുര പലഹാരം വിതരണം ചെയ്തു ആഘോഷിച്ചു. മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ കഴിഞ്ഞ ഉടനെ ആഘോഷ ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. വാർഡ് പ്രസിഡന്റ് സി.ആർ ജോയ് അധ്യക്ഷനായി. യുഡിഎഫ് നിയോജക മണ്ഡലം ചെയർമാൻ പി എസ് രഞ്ജിത്ത്, മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് എം.ഡി മധു ലാൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി.കെ ബാബു, കെ.എം ബാബു, ഷിജി മാല്യങ്കര പഞ്ചായത്ത് അംഗങ്ങളായ ജോർജ് തച്ചിലകത്ത്, പി.ഡി സലിം, സുബിത അജു, ജോളി വാഴക്കൂട്ടത്തിൽ, എം.ജെ ബർണാഡ് എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

യുഡിഎഫ് സർക്കാർ സത്യപ്രതിജ്ഞ ചെയ്തതിനോടനുബന്ധിച്ച് വടക്കേക്കരയിലെ കോൺഗ്രസ് പ്രവർത്തകർ നടത്തിയ ആഹ്ളാദപ്രകടനം

ഇന്ധന വിലയിൽ പ്രതിഷേധിച്ചു

ചേർത്തല: രാജ്യത്തെ ജനങ്ങൾ സ്വയം നിയന്ത്രിക്കണമെന്ന് പറഞ്ഞുകൊണ്ട് ഇന്ധനവില വർദ്ധനവിന് ഒത്താശ ചെയ്യുന്ന നരേന്ദ്ര മോഡി ഭരണം ജനങ്ങളെ തുടർച്ചയായി ദ്രോഹിക്കുയാണെന്നു യൂ ഡി എഫ് ജില്ല ചെയർമാൻ അഡ്വ സി കെ ഷാജി മോഹൻ പറഞ്ഞു. ഇന്ധന വിലയിൽ പ്രതിഷേധിച്ചുകൊണ്ട് ചേർത്തല ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബ്ലോക്ക് പ്രസിഡന്റ് കെ സി ആന്റണി അധ്യക്ഷത വഹിച്ചു. അഡ്വ സി ഡി ശങ്കർ, ബി ഭാസി, ജി വിശ്വംബരൻനായർ, ടി ഡി രാജൻ, ജയശ്രീ, രഘുനാഥപണിക്കർ, എൻ മധുകുമാർ, പി വിശ്വംബരൻപിള്ള എന്നിവർ പ്രസംഗിച്ചു.

എറണാകുളത്തിന് ‘മന്ത്രിപ്പെരുമ’

വികസനക്കുതിപ്പിന് കരുത്തായി മുഖ്യമന്ത്രിക്ക് പുറമെ 3 മന്ത്രിമാർ

റോജി എം. ജോൺ

അനൂപ് ജേക്കബ്

വി.ഇ. അബ്ദുൾ ഗഫൂർ

കൊച്ചി: വി.ഡി. സതീശൻ മന്ത്രിസഭയിൽ എറണാകുളം ജില്ലയ്ക്ക് സമാനതകളില്ലാത്ത പ്രാതിനിധ്യമാണ് ലഭിച്ചത്. ജില്ലക്കാരനായ മുഖ്യമന്ത്രിക്ക് പുറമെ മൂന്ന് പ്രമുഖ നേതാക്കൾ കൂടി മന്ത്രിസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതോടെ, എറണാകുളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് വരുംവർഷങ്ങളിൽ റോക്കറ്റ് വേഗമുണ്ടാകുമെന്നുറപ്പായി. അങ്കമാലിയിൽ നിന്ന് റോജി എം. ജോണും, പിറവത്തുനിന്ന് അനൂപ് ജേക്കബും, കളമശേരിയിൽ നിന്ന് വി.ഇ. അബ്ദുൾ ഗഫൂറുമാണ് എറണാകുളത്തിന്റെ പ്രതിനിധികളായി മന്ത്രിസഭയിൽ ഇടം പിടിച്ചത്. കേരളത്തിന്റെ വാണിജ്യ തലസ്ഥാനമായ കൊച്ചിയും അനുബന്ധ പ്രദേശങ്ങളും ഉൾപ്പെടുന്ന ജില്ലയ്ക്ക് ഈ ശക്തമായ രാഷ്ട്രീയ പ്രാതിനിധ്യം വൻ മുതൽക്കൂട്ടാകും.

പുതിയ മന്ത്രിസഭയിലെ അംഗങ്ങളെ സംബന്ധിച്ച് ജില്ലയ്ക്ക് അഭിമാനിക്കാൻ ഏറെയുണ്ട്. കളമശേരി മണ്ഡലത്തിന് ഇത് ചരിത്ര നിമിഷമാണ്. മുൻ മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞിന് ശേഷം മകൻ വി.ഇ. അബ്ദുൾ ഗഫൂർ മന്ത്രി പദവിയിലെത്തുമ്പോൾ മണ്ഡലത്തിന് ലഭിക്കുന്നത് മന്ത്രി സ്ഥാനത്തിന്റെ അപൂർവ്വ തുടർച്ചയാണ്. വി കെ ഇബ്രാഹിംകുഞ്ഞിനു ശേഷം കളമശേരിയിൽ നിന്ന് വിജയിച്ച പി രാജീവ് മന്ത്രിയായിരുന്നു. ഇപ്പോഴിതാ മണ്ഡലം തിരിച്ചുപിടിച്ച അബ്ദുൾ ഗഫൂറും മന്ത്രി സ്ഥാനത്തേക്കെത്തുന്നു. കളമശേരിയുടെ സമഗ്ര വികസനത്തിനും വ്യവസായിക വളർച്ചയ്ക്കും ഗഫൂറിന്റെ സാന്നിധ്യം വലിയ കരുത്താകും. പിറവത്തിന്റെ ജനപ്രിയ നായകൻ അനൂപ് ജേക്കബിന് ഇത് മന്ത്രിസഭയിലേക്കുള്ള രണ്ടാമൂഴമാണ്. മുൻപ് കൈകാര്യം ചെയ്ത വകുപ്പുകളിലെ ഭരണപരിചയവും ജനങ്ങളുമായുള്ള അടുത്ത ബന്ധവും വികസന പ്രക്രിയകൾ വേഗത്തിലാക്കാൻ അനൂപിനെ സഹായിക്കും. മലയോര-തീരദേശ മേഖലകളുടെ സന്തുലിത വികസനത്തിന് ഈ പരിചയസമ്പത്ത് ഗുണം ചെയ്യും. പിതാവ് ടി എം ജേക്കബിന് ശേഷം തുർച്ചയായി അനൂപ് ജേക്കബാണ് പിറവത്തെ പ്രതിനിധീകരിക്കുന്നത്. അതോടൊപ്പം അങ്കമാലി മണ്ഡലത്തിന്റെ ചരിത്രത്തിൽ ഇത് രണ്ടാം തവണയാണ് ഒരു മന്ത്രിയെ ലഭിക്കുന്നത് എന്ന പ്രത്യേകതയുമുണ്ട്. യുവരക്തമായ റോജി എം. ജോണിന്റെ വരവ് നെടുമ്പാശ്ശേരി വിമാനത്താവളവും അങ്കമാലി കേന്ദ്രീകരിച്ചുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികളും കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കാൻ സഹായിക്കും.

മുഖ്യമന്ത്രിക്ക് പുറമെ മൂന്ന് മന്ത്രിമാർ ഒന്നിച്ച് ജില്ലയിൽ നിന്നുള്ളവരാകുമ്പോൾ എറണാകുളം പ്രതീക്ഷിക്കുന്നത് വൻ വികസന മുന്നേറ്റങ്ങളാണ്. കൊച്ചി മെട്രോയുടെ കാക്കനാട് ഫേസ്-2 വികസനവും അതോടൊപ്പം ജില്ലയിലെ പ്രധാന ബൈപ്പാസുകളുടെയും ഫ്ലൈഓവറുകളുടെയും നിർമ്മാണം ഇനി വേഗത്തിലാകും. കളമശേരിയിലെയും കാക്കനാട്ടെയും ഇൻഫോടെയ്ൻമെന്റ് , ഐടി പാർക്കുകൾക്കും സ്റ്റാർട്ടപ്പ് വ്യവസായങ്ങൾക്കും പുതിയ മന്ത്രിമാരുടെ സാന്നിധ്യം ഊർജ്ജമേകും. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളുടെ നവീകരണവും, തീരദേശ വികസനവും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും. മുഖ്യമന്ത്രിയുടെ ദീർഘവീക്ഷണവും ഒപ്പം യുവത്വവും പരിചയസമ്പത്തും ഒത്തിണങ്ങിയ മൂന്ന് മന്ത്രിമാരുടെ കഠിനാധ്വാനവും ചേരുമ്പോൾ വരും നാളുകളിൽ എറണാകുളം ജില്ല കൈവരിക്കാൻ പോകുന്നത് സമാനതകളില്ലാത്ത വികസന നേട്ടങ്ങളായിരിക്കും. ഭരണസിരാകേന്ദ്രങ്ങളിൽ ജില്ലയുടെ ശബ്ദം ഇനി കൂടുതൽ ഉറക്കെ മുഴങ്ങും. എറണാകുളം ജില്ലയോട് ചേർന്ന് കിടക്കുന്ന കൊടുങ്ങല്ലൂർ മണ്ഡലത്തിൽ നിന്നുള്ള ഓ ജെ ജനീഷും മന്ത്രി സഭയിലുണ്ട്.

ക്വട്ടേഷൻ ക്ഷണിച്ചു

കൊച്ചി: ഞാറക്കൽ മത്സ്യഫെഡ് ഫിഷ് ഫാമിൽ ഒരു വർഷ കാലയളവിലേക്ക് സെക്യൂരിറ്റി ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിനായി അംഗീകൃത സെക്യൂരിറ്റി ഏജൻസികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. മെയ് 24ന് വൈകിട്ട് 3 വരെ ക്വട്ടേഷനുകൾ സമർപ്പിക്കാം.

കൊച്ചി: വൈപ്പിൻ എളംകുന്നപുഴയിലുള്ള മത്സ്യഫെഡ് മാലിപ്പുറം ഫിഷ് ഫാമിൽ ഒരു വർഷ കാലയളവിലേക്ക് സെക്യൂരിറ്റി ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിനായി അംഗീകൃത സെക്യൂരിറ്റി ഏജൻസികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. മെയ് 24ന് വൈകിട്ട് 3 വരെ ക്വട്ടേഷനുകൾ സമർപ്പിക്കാം. ഫോൺ: 9526041267.

കൊച്ചി: കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ എറണാകുളം കലൂർ നോളജ് സെന്ററിൽ വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു യോഗ്യതയുള്ളവർക്ക് ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സുകൾക്കും, എസ്.എസ്.എൽ.സി യോഗ്യതയുള്ളവർക്ക് ലോജിസ്റ്റിക്സ് ആൻഡ് വെയർഹൗസ് മാനേജ്മെന്റ് കോഴ്സിനും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം, കലൂർ, എം.ഇ.എസ് ബിൽഡിങ്ങിലുള്ള കെൽട്രോൺ പഠന കേന്ദ്രം നേരിട്ട് സന്ദർശിക്കുക.

വോക്ക് ഇൻ ഇന്റർവ്യൂ

കൊച്ചി: എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന ലാബ് ടെക്നിഷ്യൻ തസ്തികയിലേക്ക് താൽകാലിക നിയമനം നടത്തുന്നു. പ്ലസ് ടു സയൻസും, ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നോളജി അല്ലെങ്കിൽ ബി.എസ്.സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി ഒപ്പം കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമാണ് യോഗ്യത. താല്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ അസൽ, പകർപ്പ്, ബയോഡാറ്റ എന്നിവയുമായി മെയ് 28-ന് ഉച്ചയ്ക്ക് 2 മണിക്ക് ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസിൽ വാക് ഇൻ ഇന്റർവ്യൂവിന് ഹാജരാകണം.

വായനാകളരി സംഘടിപ്പിച്ചു

പറവൂർ: തെക്കുംപുറം ദി യുണൈറ്റഡ് ലൈബ്രറി ആൻഡ് സ്പോർട്സ് സെന്ററിന്റെ നേതൃത്വത്തിൽ വായനാകളരി സംഘടിപ്പിച്ചു. സാഹിത്യകാരൻ ടൈറ്റസ് ഗോതുരുത്ത് ഉദ്ഘാടനം ചെയ്തു. ലൈബ്രറി പ്രസിഡന്റ് ദേവദാസ് അദ്ധ്യക്ഷനായി. സെക്രട്ടറി അനിൽകുമാർ, ജില്ലാ ലൈബ്രറി കൗൺസിൽ അംഗം എം.എക്സ്. മാത്യൂസ്, സുരജ് ലാൽ എന്നിവർ സംസാരിച്ചു. പഠനോപകരണ വിതരണം പഞ്ചായത്ത് അംഗം ഷീബ പ്രദീപ് നിർവഹിച്ചു.

വല്ലാർപാടം ബസിലിക്കയിൽ പരിശുദ്ധാരൂപിയുടെ തിരുനാളിന് ഇന്ന് കൊടിയേറും

കൊച്ചി: മരിയൻ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ബസിലിക്കയിൽ ഈ വർഷത്തെ പെന്തക്കോസ്ത തിരുനാളിന് ഇന്ന് വൈകീട്ട് 5.30 ന് ജാൻസി രൂപത ബിഷപ്പ് എമിരിത്തൂസ് ഡോ. പീറ്റർ പറപ്പിള്ളി കൊടിയേറ്റുന്നതോടെ തുടക്കമാകും. തുടർന്നുള്ള ദിവ്യബലിയിൽ അദ്ദേഹം മുഖ്യകാർമ്മികനായിരിക്കും. ഫാ. സിജൻ മണുവേലിപറമ്പിൽ പ്രസംഗിക്കും.

പരിശുദ്ധാരൂപിയുടെ അഞ്ഞൂറ്റി രണ്ടാമത് തിരുനാളിനാണ് ഇന്ന് കൊടി ഉയരുന്നത്. തിരുനാളാഘോഷങ്ങൾ 24 ന് ഞായറാഴ്ച്ച സമാപിക്കും. തിരുനാൾ ദിനങ്ങളിലെ തിരുക്കർമ്മങ്ങളിൽ വരാപ്പുഴ അതിരൂപത ചാൻസലർ ഫാ.എബിജിൻ അറക്കൽ, ഫാ. സെൽവൻ ലാസർ, ഫാ.പോൾസൺ സിമേന്തി, വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺസിഞ്ഞോർ മാത്യു ഇലഞ്ഞിമറ്റം എന്നിവർ മുഖ്യകാർമ്മികരായിരിക്കും. തിരുനാൾ സമാപന ദിനത്തിലെ പൊന്തിഫിക്കൽ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപതാ സഹായ മെത്രാൻ ഡോ ആന്റണി വാലുങ്കൽ മുഖ്യ കാർമ്മികത്വം വഹിക്കും. ഫാ. ജോസ് തോമസ് Ocam പ്രസംഗിക്കും. മെയ് 31 ന് ഞായറാഴ്ച്ച എട്ടാം തിരുനാളിന്റെ ദിവ്യബലിയ്ക്ക് വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു കല്ലിങ്കൽ മുഖ്യ കാർമ്മികനായിരിക്കും. ഫാ. സെബി വിക്ടർ പ്രസംഗിക്കും.അൻപത് പേരടങ്ങുന്ന പ്രസുദേന്തി കൂട്ടായ്മയാണ് ഇത്തവണ തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നല്കുന്നത്.

തിരുനാളാഘോഷങ്ങളുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ പൂർത്തിയായതായി ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മിണി ക്കോടത്ത്, സഹവികാരിമാരായ ഫാ. ആന്റണി ഷൈൻ കാട്ടുപറമ്പിൽ, ഫാ. ജിക്സൺ ജോണി ചേരിയിൽ, ഫാ. അമൽ ആന്റെണി മാളിയേക്കൽ എന്നിവർ അറിയിച്ചു.

നാടകപഠനം കുട്ടികളുടെ വ്യക്തിത്വം രൂപപ്പെടുത്തും: പ്രൊഫ. ചന്ദ്രദാസൻ

കെ.സി.ബി.സി മീഡിയ കമ്മീഷൻ സംഘടിപ്പിച്ച നാടക ശില്പശാല പ്രൊഫ. ചന്ദ്രദാസൻ ഉദ്ഘാടനം ചെയ്യുന്നു.

കൊച്ചി: പാലാരിവട്ടം നാടക പഠനം കുട്ടികളുടെ വ്യക്തിത്വത്തെ ഗുണപരമായി സ്വാധീനിക്കുമെന്നും സർഗ്ഗാത്മക വ്യക്തികളാക്കി അവരെ മാറ്റുമെന്നും പ്രൊഫ.ചന്ദ്രദാസൻ പറഞ്ഞു.

കെ.സി.ബി.സി. മീഡിയ കമ്മീഷൻ സംഘടിപ്പിച്ച പഞ്ചദിന നാടക ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പി.ഒ.സി. ഡയറക്ടർ റവ.ഫാ. തോമസ് തറയിൽ അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ.സെബാസ്റ്റ്യൻ മിൽട്ടൺ, ക്യാംപ് ഡയറക്ടർ ഡോ.തോമസ് പനക്കളം, ബിജു സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു.

ശില്പശാലയിൽ ഷേർളി സോമസുന്ദരം, വർഗീസ് പനക്കളം, ഡോ.തോമസ് പനക്കളം തുടങ്ങിയവർ ക്ലാസ് എടുത്തു. നാടക പഠനത്തിലൂടെ വ്യക്തിത്വ വികസനം എന്ന ലക്ഷ്യത്തിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. തുടർന്നുള്ള ദിവസങ്ങളിലായി ടി.എം എബ്രഹാം, ഗിരീഷ് സോപാനം, അമൽരാജ് ദേവ് , ഡോ. തോമസ് പനക്കളം, പൗളി വിത്സൺ, എം.എസ് ശിവകുമാർ , ഡോ.സണ്ണി സെബാസ്റ്റ്യൻ, മിനോൺ ജോൺ ,സിജോ ആന്റണി , കരുൺ കെ. തുടങ്ങിയവർ ക്ലാസ്സുകൾ നയിക്കും.

ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 5 വരെയാണ് ശില്പശാല. രജിസ്റ്റർ ചെയ്യാൻ ഇനനിയും അവസരമുണ്ട്.

കേരള ക്ഷേത്ര സംരക്ഷണ സമിതി ജില്ലാവാർഷികം

കോലഞ്ചേരി: കേരള ക്ഷേത്ര സംരക്ഷണസമിതി ജില്ലാ വാർഷികം മൂവാറ്റുപുഴ വിവേകാനന്ദ വിദ്യാലയത്തിൽ നടത്തി. ജില്ലാ അദ്ധ്യക്ഷൻ രഘുനാഥ് ടി പി അധ്യക്ഷത വഹിച്ച യോഗത്തിൽ കേരള ക്ഷേത്ര സംരക്ഷണ സമിതി സംസ്ഥാനസമിതി അംഗം നാരായണ ഭട്ടതിരിപ്പാട് ചടങ്ങ് ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ സെക്രട്ടറി സി കെ ഗിരീഷ് റിപ്പോർട്ട് അവതരിപ്പിച്ചു. സമിതി സംസ്ഥാന സമിതി അംഗം സന്ദീപ് ജി മേഖലാ സെക്രട്ടറി നന്ദകുമാർ പുത്തലത്ത്, സി കെ മോഹനൻ, താലൂക്ക് സെക്രട്ടറി അഭിലാഷ് എൻ ആർ മാതൃസമിതി ജില്ലാ പ്രസിഡന്റ് സാവിത്രി അന്തർജനം എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികളായി ടി പി രഘുനാഥ് (പ്രസിഡൻറ്),ശ്രീകുമാർ Iപെരുമ്പാവൂർ (വൈസ് പ്രസിഡന്റ്),സി കെ ഗിരീഷ് (സെക്രട്ടറി), അജിത് പിറവം (ജോ. സെക്രട്ടറി) തിരഞ്ഞെടുത്തു.

വിസാറ്റ് ഗ്രൂപ്പ് ഒഫ് ഇൻസ്റ്റിറ്റ്യൂഷൻസ് പുസ്തകദാനം നടത്തി

ഇലഞ്ഞി: വിസാറ്റ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ഡയറക്ടർ ഡോ സന്തോഷ് സൈമൺ ,നാടിന്റെ വായനാശീലവും സാംസ്കാരിക വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നെല്ലൂരുപാറ പോപ്പുലർ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സംഭാവനയായി നൽകി. ലൈബ്രറി സെക്രട്ടറി ബിജു പി.സിക്ക് പുസ്തകങ്ങൾ ഔപചാരികമായി കൈമാറി.

സാമൂഹിക പ്രതിബദ്ധതയും സാംസ്കാരിക ഇടപെടലുകളും സമൂഹ പങ്കാളിത്തവും ശക്തിപ്പെടുത്തുന്നതിനുള്ള വിസാറ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായാണ് പുസ്തകദാന പദ്ധതി സംഘടിപ്പിച്ചതെന്ന് ഡയറക്ടർ ഡോ .സന്തോഷ് സൈമൺ അറിയിച്ചു. വിദ്യാർത്ഥികളിലും പൊതുസമൂഹത്തിലും വായനാശീലം വളർത്തുന്നതിനും അറിവ് പങ്കുവെക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ലൈബ്രറി സെക്രട്ടറി ബിജു പി.സി. വിസാറ്റ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിനോടുള്ള നന്ദി രേഖപ്പെടുത്തി. വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രാദേശിക സമൂഹവും തമ്മിലുള്ള സഹകരണ ബന്ധം ശക്തിപ്പെടുത്തുന്ന പ്രവർത്തനമാണിതെന്നും അദ്ദേഹം പറഞ്ഞു. വിസാറ്റ് ഇൻസ്ടിട്യൂഷൻസ് അഡ്വൈസർ ഡോ .എബ്രഹാം ചെട്ടിശ്ശേരി ,എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ .ജസ്റ്റിൻ ജോസ് .വിസാറ്റ് ആർട്സ് കോളേജ് പ്രിൻസിപ്പൽ ഡോ .ലാലി ആന്റണി,പി.ആർ .ഒ ,ശ്രീ .ഷാജി അഗസ്റ്റിൻ ആറ്റുപുറം , അഡ്മിഷൻ ഹെഡ് ശ്രീ .ജോർജുകുട്ടി ഉലഹന്നാൻ , അദ്ധ്യാപകരായ ഷീജ ഭാസ്കർ ,ഷീന ഭാസ്കർ ,ഫാ .എബിൻ അബ്രഹാം എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

ഇലഞ്ഞി വിസാറ്റ് ഗ്രൂപ്പ് ഓഫ് ഇന്സ്ടിട്യൂഷൻസ് ഡയറക്ടർ ഡോ.സന്തോഷ് സൈമൺ, നെല്ലൂരുപാറ പോപ്പുലർ ലൈബ്രറി സെക്രട്ടറി പി.സി ബിജുവി പുസ്തകദാനം ചെയ്യുന്നു.

മർച്ചന്റ്സ് അസോസിയേഷൻ പൊതുയോഗം

പറവൂർ: പറവൂർ ടൗൺ മർച്ചന്റ്സ് അസോസിയേഷൻ 52- മത് വാർഷിക പൊതുയോഗം പറവൂർ നഗരസഭ ചെയർമാൻ രമേഷ് ഡി കുറുപ്പ് ഉദ്ഘാടനം ചെയ്തു. പിടിഎംഎ പ്രസിഡന്റ് കെ ടി ജോണി അധ്യക്ഷത വഹിച്ചു. കെവിവിഇഎസ് ജില്ലാ ട്രഷറർ സി എസ് അജ്മൽ മുഖ്യാപഭാഷണം നടത്തി. ജില്ലാ സെക്രട്ടറിയേറ്റ് അംഗം ഇ പി സുനിൽകുമാർ, വെൽഫെയർ സൊസൈറ്റി പ്രസിഡന്റ് ടി വി ജോഷി, അൻവർ സാദിഖ്, പി ബി പ്രമോദ്, പി പി അനൂപ്, എസ് അനന്ത പ്രഭു, എ എസ് മനോജ്, പി ജെ രാജൻ, ഷാജു മാത്യു തുടങ്ങിയവർ സംസാരിച്ചു.

പറവൂർ ടൗൺ മർച്ചന്റ്സ് അസോസിയേഷൻ വാർഷിക പൊതുയോഗം പറവൂർ നഗരസഭ ചെയർമാൻ രമേഷ് ഡി കുറുപ്പ് ഉദ്ഘാടനം ചെയ്യുന്നു.

അബിൻ വർക്കിക്ക് ഇടവകപ്പള്ളിയുടെ ആദരം

കോലഞ്ചേരി: ആറന്മുള നിയോജകമണ്ഡലം എം.എൽ.എയായി തെരഞ്ഞെടുത്ത അബിൻ വർക്കികോടിയാട്ടിനെ മാതൃഇടവക ഊരമന താബോർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ അനുമോദിച്ചു.ഇടവകവികാരി ഫാ വി.എം മാത്യൂസ്, മുൻ വികാരി ഫാ.ഏലിയാസ് കുറ്റിപ്പറിച്ചേൽ, തോമസ്പോൾ റമ്പാൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ആറന്മുള എം.എൽ.എയായി തെരഞ്ഞെടുത്ത അബിൻ വർക്കിക്ക് ഊരമന താബോർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ ആദരം വികാരി ഫാ.വി.എം മാത്യൂസ് നൽകുന്നു.

ഇടക്കൊച്ചിയിൽ അധികൃതരെ നോക്കുകുത്തിയാക്കി ഭൂമാഫിയ തണ്ണീർത്തടം നികത്തുന്നു

പള്ളുരുത്തി: ഇടക്കൊച്ചിയിൽ സബ് കലക്ടർ ഇടപെട്ടിട്ട് സ്റ്റോപ്പ് മെമ്മോ നൽകിയ രണ്ടേക്കറോളം വരുന്ന 18 സെന്റ് സർക്കാർ പുറമ്പോക്ക് ഉൾപ്പെടെയുള്ള തണ്ണീർത്തടം റവന്യൂ അധികൃതരെയും പൊലിസിനെയും നോക്കുകുത്തിയാക്കി ഭൂമാഫിയ നികത്തുന്നതായി പരാതി.കഴിഞ്ഞ ദിവസം വൈകിട്ടോടെ ജെസിബിയും പൂഴി നിറച്ച് ടിപ്പറുമായെത്തിയ സംഘം നികത്തി.

നാട്ടുകാരുടെ ഇടപെടലിനെ തുടർന്ന് ജെസിബിയുമായി നികത്തൽ സംഘം കടന്നുകളഞ്ഞു.പൊലിസ് എത്തിയെങ്കിലും നടപടിയെടുക്കാതെ മടങ്ങുകയായിരുന്നു.സംഭവത്തിനിടെ നിലം പൂർവസ്ഥിതിയിലാക്കുവാൻ ഹൈക്കോടതിയിൽ ഹർജി നൽകിയ പൊതുപ്രവർത്തകൻ വി.കെ അരുൺകുമാറിനെ പൊലിസിന്റെ സാന്നിധ്യത്തിൽ വളഞ്ഞ് വച്ച് ഭീഷണിപ്പെടുത്തിയതായും പരാതിയുണ്ട്.

പിന്നീട് പൊലീസ് ഇടപെട്ടാണ് നികത്തൽ സംഘത്തെ പിന്തിരിപ്പിച്ചത്. നികത്തൽ നടത്തുന്ന വീഡിയോ സഹിതം പൊലിസിന് നൽകിയെങ്കിലും നടപടിയുണ്ടായില്ലെന്നും പരാതിയുണ്ട്.കഴിഞ്ഞ രണ്ടു മാസത്തിനിടെ നികത്തൽ നടക്കുനതിനിടെ പല തവണ പൊലിസിൽ അറിയിക്കുമ്പോൾ ഞൊടിയിടയിൽ നികത്തൽ സംലത്തിന് വിവരം നൽകുകയാണെന്ന് മുൻ കൗൺസിലർ അഭിലാഷ് തോപ്പിൽ പറഞ്ഞു. നിലവിൽ പുറമേ നിന്നും ആർക്കും കാണുവാൻ സാധിക്കാത്ത രീതിയിൽ തണ്ണീർത്തടത്തിന് ചുറ്റും പതിനഞ്ച് അടിയോളം ഉയരത്തിൽ കൂറ്റൻ മതിൽ കെട്ടിയാണ് നികത്തൽ നടക്കുന്നത്. മതിൽ നിർമിക്കുന്നതിന് അനുവാദമില്ലാതെയാണ് നിർമിച്ചതെന്ന് നഗരസഭ വ്യക്തമാക്കിയിട്ടുണ്ട്. ഒരെക്കറോളം വരുന്ന തണ്ണീർത്തടം പൂഴിയും, കെട്ടിടാവശിഷ്ടങ്ങളുമിട്ടാണ് നികത്തുന്നത്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതിനാൽ തരം മാറ്റി നൽകുന്നതിന് അനുമതി നിഷേധിച്ച സ്ഥലമാണിത്. പ്രദേശം കേന്ദ്രീകരിച്ച് എന്തിനും തയ്യാറായ സംഘങ്ങളെ നിലയുറപ്പിച്ചാണ് ഭൂവുടമ നികത്തലുമായി മുന്നോട്ട് പോകുന്നതെന്നും പറയുന്നു.

ഗൃഹം ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്

രജിസ്ട്രേഡ് ഓഫീസ്: ആറാം നില, ബി ബിൽഡിംഗ്, ഗംഗ ട്രൂണോ, ലോഹെഗാവ്, പൂനെ, മഹാരാഷ്ട്ര 411014.
ശാഖ ഓഫീസ് യൂണിറ്റ്: 1510, രണ്ടാം നില, ശ്രീ കോംപ്ലക്സ്, ട്രിച്ചി റോഡ്, കോയമ്പത്തൂർ, തമിഴ്നാട്-641018

ഇ-ലേല- വിൽപ്പന നോട്ടീസ്
സർഫേസി ആക്റ്റ് പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ളത്

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് ("ദ ആക്റ്റ്"), 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 8&9 ചേർത്തുവായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്. ജാമ്യമായി നൽകിയിരിക്കുന്ന താഴെപ്പറയുന്ന സ്ഥാവര വസ്തുക്കൾ, പ്രസ്തുത ആക്റ്റിന്റെ സെക്ഷൻ 13(2) പ്രകാരമുള്ള നോട്ടീസ് അനുസരിച്ച് പ്രസ്തുത ആക്റ്റിന്റെ സെക്ഷൻ 13(12) പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 8&9 ചേർത്ത് വായന പ്രകാരവും, സെക്യേർഡ് ക്രെഡിറ്ററുടെ അംഗീകൃത ഓഫീസർ ജപ്തി ചെയ്ത് ഏറ്റെടുത്തിട്ടുള്ളതാണെന്ന് വായ്പക്കാർ/സഹവായ്പക്കാർ/മോർട്ട്ഗേജർ/ജാമ്യക്കാർ എന്നിവർക്ക് പ്രത്യേകിച്ചും പൊതുജനങ്ങൾക്കു പൊതുവായും ഇതിനാൽ നോട്ടീസ് നൽകുന്നു. പ്രസ്തുത ജാമ്യവസ്തുക്കൾ 19.06.2026ന് "എവിടെയാണോ ഉള്ളത്" & "എന്താണോ ഉള്ളത്", "എന്തൊക്കെയാണോ ഉള്ളത്" അടിസ്ഥാനത്തിലും ഇ-ലേല വിൽപ്പന നടത്തുന്നതാണ്. https://www.bankeauctions.com എന്ന വെബ്സൈറ്റ് മുഖേന ആയിരിക്കും ഇ-ലേലം നടക്കുക എന്ന് പൊതുജനങ്ങളെ അറിയിക്കുന്നു. വിൽപ്പന സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും അറിയാൻ GHFL's/സെക്യേർഡ് ക്രെഡിറ്ററുടെ വെബ്സൈറ്റ് www.grihumhousing.com എന്നതിലെ ലിങ്ക് സന്ദർശിക്കുക.

Sl. No.	പ്രൊപ്പോസൽ നമ്പർ കസ്റ്റമറുടെ പേര് (A)	ഡിമാൻഡ് നോട്ടീസ് തിയതിയും കുടിശിക തുകയും (B)	ജപ്തിയുടെ തരം (C)	വസ്തുവിന്റെ വിശദാംശങ്ങൾ (D)	റിസർവ് തുക (E)	ഇ.എം.ഡി (ആർപിയുടെ 10%) (F)	ഇ.എം.ഡി സമർപ്പിക്കേണ്ട തിയതി (G)	ഇൻക്രിമെന്റൽ ബിഡ് (H)	വസ്തു പരിശോധിക്കുന്ന തിയതിയും സമയവും (I)	ലേലത്തിന്റെ തിയതിയും സമയവും (J)	അറിയാവുന്ന ബാധ്യതകൾ/കോടതി കേസുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ (K)
1	Loan No. HM0119H18100144 സജിത്ത് ടി.എസ്. (വായ്പക്കാരൻ) സുകന്യ എം. (സഹവായ്പക്കാരൻ)	Notice date: 08-08-2025 Total Dues: Rs.1883938/- (പതിനെട്ട് ലക്ഷത്തി എൺപത്തിമൂവായിരത്തി തൊള്ളായിരത്തി മുപ്പത്തെട്ട് രൂപ) 08-08-2025 വരെയുള്ളതും കുടിശിക തുക പൂർണമായി തിരിച്ചടയ്ക്കുന്നതു വരെ പ്രതിവർഷം 17.35% പലിശ നിരക്കും സഹിതം.	ഫിസിക്കൽ	ജില്ല: ആലപ്പുഴ, സബ് ജില്ല: പുത്തനമ്പലം, താലൂക്ക്: ചേർത്തല, വില്ലേജ്: തണ്ണീർമുക്കം സൗത്ത് (പ്രിന്റ് ചാരമംഗലം), സർവെ നമ്പർ: 230/6, റിസർവെ ബ്ലോക്ക് നമ്പർ: 35, റിസർവെ നമ്പർ: 38/5 & 38/5-1, വിസ്തൃതി (ആധാരപ്രകാരം): 8.70 + 0.80 = 9.50 ആഴ്സ്, ടി.പി. നമ്പർ: 10801 & 10892, ഭൂമിയുടെ തരം: പുരയിടം- റസിഡൻഷ്യൽ പ്രോപ്പർട്ടി, ഭൂമിയുടെ അവകാശം: പണ്ടാരവക പാട്ടം, പരിധി: മുഹമ്മ പഞ്ചായത്ത്. സ്ഥലത്തിന്റെ അതിർത്തികൾ (ലൊക്കേഷൻ സ്കെച്ച് പ്രകാരം): കിഴക്ക്: സജിത്തിന്റെ സ്ഥലം, വടക്ക്: ജാനകിയുടെ സ്ഥലം, പടിഞ്ഞാറ്: തിലകന്റെ സ്ഥലം, തെക്ക്: സജിത്ത്, പൊന്നമ്മ എന്നിവരുടെ സ്ഥലങ്ങളും വഴിയും.	Rs. 3758720.00/- (മുപ്പത്തേഴ് ലക്ഷത്തി അൻപത്തെട്ടായിരത്തി എഴുന്നൂറ്റി ഇരുപത് രൂപ)	Rs. 375872.00/- (മൂന്ന് ലക്ഷത്തി എഴുപത്തിയഞ്ചായിരത്തി എണ്ണൂറ്റി എഴുപത്തിരണ്ട് രൂപ)	18-06-2026 Before 5 PM	10,000/-	10-06-2026 (11AM – 4PM)	19-06-2026 (11 AM- 2PM)	ഇല്ല

ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന ലേലക്കാർ/വാങ്ങുന്നവർ സെക്യേർഡ് ക്രെഡിറ്റർ ബ്രാഞ്ചും ലേല വസ്തുവകകളും സന്ദർശിച്ച് സ്വന്തമായി അന്വേഷണം നടത്തുകയും അധിക ചാർജുകൾ, ബാധ്യതകൾ, മൂന്നാം കക്ഷി താൽപ്പര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുകയും ലേലങ്ങൾ സമർപ്പിക്കുന്നതിന് മുമ്പ് എല്ലാ കാര്യങ്ങളിലും സ്വയം തൃപ്തിപ്പെടുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. പ്രോപ്പർട്ടി നികുതി, വൈദ്യുതി/വെള്ള കുടിശ്ശിക, പ്രോപ്പർട്ടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് കുടിശികകൾ എന്നിവ പോലുള്ള എല്ലാ നിയമപരമായ കുടിശ്ശികകളും വിജയിച്ച ലേലക്കാരൻ ഉറപ്പുവരുത്തുകയും അടയ്ക്കുകയും വേണം. താൽപ്പര്യമുള്ള ലേലക്കാർ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും ലേല സേവന ദാതാവായ C1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് (ഇ-ബിഡ്ഡിംഗിന് നിർബന്ധമായ) ലോഗിൻ ഐഡിയും പാസ്‌വേഡും മുൻകൂട്ടി നേടുകയും വേണം. വിലാസം- പ്ലോട്ട് നമ്പർ-68 മൂന്നാം നില ഗുഡ്ഗാവ് ഹരിയാന-122003. ഹെൽപ്പ്ലൈൻ നമ്പർ- 7291981124,25,26 പിന്തുണ ഇമെയിൽ ഐഡി - Support@bankeauctions.com. ബന്ധപ്പെടേണ്ട വ്യക്തി - ധരണി പി, ഇമെയിൽ ഐഡി - dharani.p@c1india.com ബന്ധപ്പെടേണ്ട നമ്പർ - 9948182222. ഇ-ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ഇവരിൽ നിന്ന് മാത്രമേ ഓൺലൈൻ പരിശീലനം ലഭിക്കൂ എന്ന കാര്യം ദയവായി ശ്രദ്ധിക്കുക. ഉദ്ദേശിക്കുന്ന വാങ്ങുന്നയാൾ/ബിഡർ എണസ്റ്റ് മണി ഡെപ്പോസിറ്റ് (EMD) തുക NEFT/RTGS/DD വഴി 'ഗൃഹം ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് - ലേലം A/C യിൽ നിന്ന് വരുമാനം', ബാങ്ക്-ഐസിഐസിഐ ബാങ്ക് ലിമിറ്റഡ് എന്ന അക്കൗണ്ടിൽ സമർപ്പിക്കേണ്ടതുണ്ട്. അക്കൗണ്ട് നമ്പർ-091551000028, IFSC കോഡ്-ICIC0000915, ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്, പഞ്ചിൽ ടെക് പാർക്ക്, ഗണപതി ചൗക്കിന് സമീപം, 43/44 വിമാന നഗർ - 411014, ഏതെങ്കിലും ദേശസാൽകൃത അല്ലെങ്കിൽ ഷെഡ്യൂൾ ചെയ്ത ബാങ്കിൽ നിന്ന് 18-06-2026-നോ അതിനുമുമ്പോ എടുത്തതായിരിക്കണം. https://www.bankeauctions.com-ൽ അവരുടെ പേര് രജിസ്റ്റർ ചെയ്യുകയും സൗജന്യമായി ഉപയോക്തൃ ഐഡിയും പാസ്‌വേഡും നേടുകയും സേവന ദാതാവിൽ നിന്ന് ഇ-ലേലത്തിൽ പരിശീലനം നേടുകയും വേണം. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ശേഷം, വാങ്ങുന്നയാൾ/ലേലക്കാരൻ താഴെപ്പറയുന്ന രേഖകളുടെ പകർപ്പുകൾ അപ്‌ലോഡ് ചെയ്യുകയും, ഇ-മെയിൽ ചെയ്യുകയും, സ്വയം സാക്ഷ്യപ്പെടുത്തിയ ഹാർഡ് കോപ്പി നമ്പർ, 1510, രണ്ടാം നില, ശ്രീ കോംപ്ലക്സ്, ട്രിച്ചി റോഡ്, കോയമ്പത്തൂർ, തമിഴ്നാട്-641018 എന്ന വിലാസത്തിൽ അയയ്ക്കുകയും വേണം. മൊബൈൽ നമ്പർ +91 8281138143 ഇ-മെയിൽ ഐഡി p.adith@grihumhousing.com നിബന്ധനകളെയും വ്യവസ്ഥകളെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഇ-ലേലത്തിൽ പങ്കെടുക്കാൻ https://www.bankeauctions.com&www.grihumhousing.com സന്ദർശിക്കുക.
സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ-2002-ന്റെ റൂൾ 8(6) പ്രകാരം വായ്പക്കാർ/സഹവായ്പക്കാർ/മോർട്ട്ഗേജർ/ജാമ്യക്കാർ എന്നിവർക്കുള്ള 30 ദിവസത്തെ നോട്ടീസായി ഈ അറിയിപ്പ് പരിഗണിക്കണം.

ഏത് സാഹചര്യത്തിലും, പ്രാദേശിക ഭാഷാ പ്രസിദ്ധീകരണത്തിന്റെയും ഇംഗ്ലീഷ് പത്ര പ്രസിദ്ധീകരണത്തിന്റെയും ഉള്ളടക്കത്തിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ, ബിസിനസ് സ്റ്റാൻഡേർഡിൽ പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ് പത്ര ഭാഷയുടെ ഉള്ളടക്കം നിലനിൽക്കും.

തിയതി: 19.05.2026 സ്ഥലം: കേരളം
ഒപ്പ്/- അംഗീകൃത ഓഫീസർ, ഗൃഹം ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്

Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V Rejikumar (Executive Editor), Vol.11, Issue No.133.RNI No.KERMAL/2018/76414 Printed at Ideal Printers, Chalikkavattom, Vennala PO, Kochi-682028 and Published from Vaartha News Network Pvt.Ltd 3rd Floor, KTDFC Bldg., (KSRTC Bus Stand) Angamaly P.O. Ernakulam - 683572. Ph: 0484 2383388 Email: alpbureau@metrovaartha.com, info@metrovaartha.com